# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 454 | 26.04.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി (ജി.എസ്.ടി.)

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ഡി. പ്രസേനൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി (ജി.എസ്.ടി.) സംസ്ഥാനത്ത് എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | 01.07.2017 മുതൽ രാജ്യമൊട്ടാകെ നടപ്പിലാക്കാനാണ് നിലവിലുള്ള തീരുമാനം. |
| (ബി) | ജി.എസ്.ടി.യുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ: | (ബി) | ജി.എസ്.ടി നടപ്പിലാകുന്നതോടെ ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റങ്ങളിൽ ഒരേ സമയം നികുതി ചുമത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങ ൾക്കും അധികാരം ലഭിക്കുന്നതാണ്. സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങ ളിൽ സംസ്ഥാനം എസ്.ജി.എസ്.ടി യും കേന്ദ്രം സി.ജി.എസ്.ടി യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ കേന്ദ്രം ഐ.ജി.എസ്.ടി ചുമത്തുന്നതാണ്. സി.ജി.എസ്.ടി ഒരു പ്രാപ്യസ്ഥാന നികുതിയാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി, വാങ്ങിയ വ്യാപാരിക്ക് അവർ തുടർ വില്പന നടത്തുമ്പോൾ credit എടുക്കാവുന്നതാണ്. നികുതിക്കുമേൽ നികുതി എന്ന അവസ്ഥ ഏതാണ്ട് പൂർണ്ണമായി ഒഴിവാകുന്നതാണ്. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കാൻ ഇടയാകുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാവുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്ത്വം കേരളത്തിന്റെ നികുതി പിരിവിന് ഗുണപ്രദമാകും. കൂടാതെ telecommunication, finance, insurance എന്നീ സേവന മേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിനകത്തുള്ള എല്ലാ കൈമാറ്റങ്ങളിലും എസ്.ജി.എസ്.ടി യും സി.ജി.എസ്.ടി യും ഉള്ളതിനാൽ രണ്ടു നികുതി നിർണ്ണയ അധികാരികളുടെ മുമ്പിൽ വ്യാപാരികൾ കണക്കു കാണിക്കേണ്ട സ്ഥിതി വരും. ചെറുകിട വ്യാപാരികളെ ഈ ബുദ്ധിമുട്ടിൽ നിന്ന് ഒഴിവാക്കുന്നതിനായി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ GST Council - ൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയുണ്ടായി. അതിനെ തുടർന്ന് ഇത്തരം വ്യാപാരികളുടെ 90% ഫയലുകളും സംസ്ഥാനങ്ങൾക്കു കൈകാര്യം ചെയ്യാനുള്ള അധികാരം നൽകാമെന്ന് തത്ത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. ബാക്കിയുള്ള ഫയലുകൾ 1:1 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വീതിക്കാമെന്നുമാണ് ഉണ്ടാക്കിയിരിക്കുന്ന ധാരണ. അടച്ച നികുതിയുടെ input tax credit flow സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും തങ്ങൾക്ക് അർഹമായ നികുതി സമയാസമയങ്ങളിൽ transfer ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും ഇതു സഹായിക്കും. |
| (സി) | ജി.എസ്.ടി. പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ കാര്യക്ഷമമായ കമ്പ്യൂട്ടർ സംവിധാനം പരിപാലിക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് മൂലധന പങ്കാളിത്തമുള്ള കമ്പനി നിയമത്തിലെ വകുപ്പ് 25 പ്രകാരം രജിസ്റ്റർ ചെയ്ത GSTN എന്ന കമ്പനിയാണ് കേന്ദ്ര - സംസ്ഥാന വകുപ്പുകളിൽ രജിസ്ട്രേഷനുള്ള എല്ലാ |

| | | | |
|---|---|---|---|
| | വിശദീകരണം നൽകാമോ? | | വ്യാപാരികൾക്കും രജിസ്ട്രേഷൻ നൽകുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും ഈ-പേമെന്റ് നടത്തുന്നതിനും വേണ്ട IT സംവിധാനമായ common portal തയ്യാറാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**